## ക്രിസ്തു രാജ്യം സ്ഥാപിക്കുന്നവനാണ്

### I. ക്രിസ്തു രാജ്യം സ്ഥാപിക്കുന്നവനാണ്—വെളി. 20:1-6

- തന്റെ ശത്രുക്കളോട് യുദ്ധം ചെയ്തതിനുശേഷം, ക്രിസ്തു ഭൂമിയിൽ ദൈവരാജ്യം, സഹസ്രാബ്ദ രാജ്യം സ്ഥാപിക്കുകയും തന്റെ ജയാളികളായ വിശ്വാസികളോടൊപ്പം ആയിരം വർഷം വാഴുകയും ചെയ്യും
- ദൈവരാജ്യം വരുന്നതിനുള്ള ഒരുക്കമായി ഭൂമി മുഴുവനും ശുചിയാക്കപ്പെടണം
- ഒരു കാര്യം മാത്രം അവശേഷിക്കും, അത് എല്ലാ പ്രശ്നങ്ങളുടെയും സ്രോതസ്സായ സാത്താനാണ്
- സഹസ്രാബ്ദത്തിൽ സാത്താനെ ബന്ധിച്ച് അഗാധത്തിലേക്ക് എറിയും, അവൻ പ്രവർത്തിക്കുവാനോ ആരെയെങ്കിലും നശിപ്പിക്കുവാനോ ശക്തിയില്ലാത്തവനായിരിക്കും; അപ്പോൾ ഭൂമി ക്രിസ്തുവിന്റെ രാജ്യമായിത്തീരും
- വേദപുസ്തകത്തിലെ പ്രവചനങ്ങൾ അനുസരിച്ച്, സഹസ്രാബ്ദത്തിന് രണ്ട് ഭാഗങ്ങളുണ്ട്: സ്വർഗീയമായ മുകളിലുള്ള ഭാഗവും, ഭൗമികമായ താഴെയുള്ള ഭാഗവും
    - സഹസ്രാബ്ദത്തിന്റെ മുകളിലുള്ള ഭാഗത്തെ പിതാവിന്റെ രാജ്യം എന്നും (മത്താ. 13:43) താഴെയുള്ള ഭാഗത്തെ മനുഷ്യപുത്രന്റെ രാജ്യം എന്നും വിളിക്കുന്നു
    - മശീഹായുടെ രാജ്യം അഥവാ മശീഹൈക രാജ്യം എന്നത് സഹസ്രാബ്ദത്തിന്റെ താഴെയുള്ള ഭാഗത്തിന്റെ മറ്റൊരു പേരാണ്
- രാജ്യം സ്ഥാപിക്കുന്നവനായ ക്രിസ്തു ജയാളികളായ വിശുദ്ധന്മാരോടൊപ്പം വാഴുമെന്ന് വെളിപ്പാട് 20:4-6 വെളിപ്പെടുത്തുന്നു
    - ജയാളികൾ യേശു ക്രിസ്തുവിന്റെ രാജ്യം കൊണ്ടുവരുന്നതിനാൽ, കർത്താവ് ആയിരം വർഷം വാഴും, ജയാളികളും ക്രിസ്തുവിനോടുകൂടെ ആയിരം വർഷം വാഴും
- യേശുവിന്റെ മനുഷ്യത്വം അവരിലേക്ക് പണിയപ്പെടുന്നതിലൂടെ ജയാളികൾ ക്രിസ്തുവിനോടുകൂടെ വാഴുവാൻ യോഗ്യരായിത്തീരുന്നു
- സഹസ്രാബ്ദത്തിൽ ക്രിസ്തുവിനോടുകൂടെ വാഴുന്ന ജയാളികൾ ശ്രേഷ്ഠമായ പുനരുത്ഥാനം ആസ്വദിക്കും
    - "വിശേഷ പുനരുത്ഥാനം" കൂടിയായ ഒന്നാമത്തെ പുനരുത്ഥാനം, അപ്പൊസ്തലനായ പൗലൊസ് അന്വേഷിച്ച അസാധാരണ പുനരുത്ഥാനമായിരുന്നു
- വെളിപ്പാട് 20:6 പറയുന്നു, "ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു"; ഇത് ഭൂമിയിൽ പ്രകടമാകുന്ന രാജ്യം അവകാശമാക്കുവാനും അതിനുള്ളിൽ രാജാക്കന്മാരാകുവാനുമുള്ള ഏറ്റവും ഉന്നത അനുഗ്രഹമായിരിക്കണം
- ജയാളികൾ ദൈവത്തെ ബന്ധപ്പെടുവാൻ പുരോഹിതന്മാരും സഹസ്രാബ്ദത്തിൽ രാഷ്ട്രങ്ങളുടെമേൽ ഭരിക്കുവാൻ ക്രിസ്തുവിനോടുകൂടെ സഹരാജാക്കന്മാരുമായിരിക്കും

## ക്രിസ്തു ദൈവവചനം—രാജാധിരാജാവും കർത്താധികർത്താവും ആകുന്നു

### II. വെളിപ്പാട് 19:11-16, 19-21-ലും ക്രിസ്തുവിനെ ദൈവവചനമായി—രാജാധിരാജാവും കർത്താധികർത്താവും—വെളിപ്പെടുത്തിയിരിക്കുന്നു

- തന്റെ വിവാഹവിരുന്നിനുശേഷം തന്റെ സൈന്യമായ, ജയാളികളായ വിശ്വാസികളായ, തന്റെ മണവാട്ടിയോടൊപ്പം ക്രിസ്തു പോരാടുന്ന സേനാധിപനായി വരും; മനുഷ്യൻ കർത്താധികർത്താവും രാജാധിരാജാവും ആയവനെതിരെ നേരിട്ട് യുദ്ധം ചെയ്യും
- "ഇതാ, ഒരു വെള്ളക്കുതിര, അതിന്മേൽ ഇരിക്കുന്നവനെ വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു, അവൻ നീതിയിൽ ന്യായം വിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു"—വാ. 11
    - ദൈവത്തെ എതിർക്കുന്നവരെ അവൻ തന്റെ വിശ്വസ്തതയിൽ പരാജയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യുന്നു
    - ദൈവത്തിന്റെ വ്യവസ്ഥ നടപ്പാക്കുന്നതിലും തന്നിൽ വിശ്വസിക്കുന്നവരെ കരുതുന്നതിലും അവൻ സത്യവാനാണ്
- ദൈവത്തിന്റെ വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ ക്രിസ്തു, നീതിയോടെ ന്യായം വിധിക്കുകയും, യുദ്ധം ചെയ്യുകയും ചെയ്യുന്നു
- "അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു"—വെളി. 19:13
    - കർത്താവിന് ദൈവവചനം എന്ന് പേർ വിളിക്കപ്പെടുന്നതിന്റെ അർഥം അവൻ ദൈവത്തിന്റെ ആവിഷ്കാരവും, സാക്ഷ്യവും, സംസാരവും ആകുന്നു
    - ദൈവത്തെ അറിയണമെങ്കിൽ, ദൈവവചനമെന്ന നിലയിൽ നാം ക്രിസ്തുവിനെ വായിക്കുകയും പഠിക്കുകയും നോക്കുകയും ധ്യാനിക്കുകയും ഉറ്റുനോക്കുകയും വേണം
- വെളിപ്പാട് 19-ൽ, ദൈവവചനമെന്ന നിലയിൽ, മത്സരികളായ ജനത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുന്നതിലൂടെ ക്രിസ്തു ദൈവത്തിനുവേണ്ടി സംസാരിക്കുന്നു
    - യോദ്ധാവ് വചനമാണ്; അവന്റെ പോരാട്ടം ദൈവവചനത്തിന്റെ സംസാരമാണ്.

## ക്രിസ്തുവും തന്റെ ജയാളികളും വാഴും

### III. ക്രിസ്തു ഭൂമിയെ കൈവശമാക്കിയശേഷം, തന്റെ ജയാളികളായ വിശ്വാസികളോടുകൂടെ രാഷ്ട്രങ്ങളുടെമേൽ ഭരിച്ചുകൊണ്ട് രാജ്യത്തിലെ രാജാവായി ഭൂമിയിൽ വാഴും—20:4, 6; 2:26-27

- വരുവാനുള്ള രാജാവെന്ന നിലയിൽ, സഹസ്രാബ്ദത്തിലെ വരാനിരിക്കുന്ന ദൈവരാജ്യത്തിന്റെ തലയും കേന്ദ്രവും അവനായിരിക്കും
- ക്രിസ്തു ഭൂമിയെയും അതിലെ സകല ജനത്തെയും രാജ്യത്തിന്റെ മണ്ഡലവും ഘടകാംശങ്ങളുമാകുവാൻ വീണ്ടെടുക്കുകയും, രാജ്യം വാങ്ങുവാൻ അവൻ തനിക്കുള്ളതെല്ലാം വിൽക്കുകയും, സാത്താന്റെ അപഹരണത്തിൽനിന്ന് ഭൂമിയെയും അതിലെ സകല ജനങ്ങളെയും അവൻ രക്ഷിക്കുകയും ചെയ്തു
- പുനഃസ്ഥാപിക്കപ്പെട്ട ഭൂമിയുടെയും പുനഃസ്ഥാപിക്കപ്പെട്ട രാഷ്ട്രങ്ങളുടെയും രാജാവാകുവാനുള്ള പൂർണ അവകാശം അവനുണ്ടായിരിക്കും.
- അവന്റെ വരാനിരിക്കുന്ന വാഴ്ചയിൽ ദൈവത്തിന്റെ അധികാരവും തേജസ്സും പൂർണമായി വെളിവാകും, മുഴുവൻ ഭൂമിയും അതിലെ ജനവും നീതിയിലേക്കും സമാധാനത്തിലേക്കും സന്തോഷത്തിലേക്കും ദൈവത്തിന്റെ സൃഷ്ടിയുടെ പൂർണ അനുഗ്രഹത്തിലേക്കും കൊണ്ടുവരപ്പെടും